വാട്ടർ അതോറിറ്റിയിലെ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ

150 (2430) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 14-6-95 ലെ കെ. ഡബ്ല്യു.എ./എച്ച്. ഒ/ഇ. 5 (ബി)/10931/92 നമ്പറായി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ ഉത്തരവു പ്രകരമുള്ള സ്ഥലംമാറ്റ മാനദണ്ഡങ്ങൾ വാട്ടർ അതോറിറ്റിയിൽ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(ബി) 21-5-1995 -ലെ 3448 നമ്പറായി കേരള വാട്ടർ അതോറിറ്റി ബോർഡ് പാസ്സാക്കിയ പ്രമേയത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) അതോറിറ്റിയിലെ വിവിധ തസ്തികകളിൽ പ്രമോഷൻ കൂടാതെ എത്ര സ്ഥലംമാറ്റങ്ങൾ ഈ സർക്കാർ കാലയളവിൽ നടന്നു;

(ഡി) സ്ഥലംമാറ്റ മാനദണ്ഡത്തിന് വിരുദ്ധമായോ പോളിസി ലംഘിച്ചോ സ്ഥലമാറ്റങ്ങൾ നടന്നിട്ടുണ്ടോ; വിശദമാക്കുമോ; മാനദണ്ഡങ്ങൾ മാനിക്കാതെ നടത്തിയ സ്ഥലംമാറ്റ ഉത്തരവുകൾ പരിശോധിക്കാനും തിരുത്തുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. പകർപ്പ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു*.

(ബി) പകർപ്പ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു*.

(സി) ഏഴായിരത്തോളം ജീവനക്കാരുള്ള കേരള വാട്ടർ അതോറിറ്റിയിലെ വിവിധ തസ്തികകളിൽ പ്രൊമോഷൻ കൂടാതെ 883 സ്ഥലം മാറ്റങ്ങൾ ഈ സർക്കാർ കാലയളവിൽ നടന്നിട്ടുണ്ട്.

(ഡി) സ്ഥലംമാറ്റ മാനദണ്ഡങ്ങൾക്കനുസൃതമായിത്തന്നെ സ്ഥലംമാറ്റങ്ങൾ നടത്തുവാനായി അതോറിറ്റി കഴിവിന്റെ പരമാവധി ശ്രമിച്ചിട്ടുണ്ട്. എന്നാൽ മാനുഷിക പരിഗണന, ആരോഗ്യപരമായ കാരണങ്ങൾ, ഭരണപരമായ സൗകര്യം എന്നിവ കണക്കിലെടുത്ത് മാനദണ്ഡങ്ങളിൽനിന്നും ചില സാഹചര്യങ്ങളിൽ വ്യതിചലിക്കേണ്ടതായും വന്നിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly